**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2445** **30-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിലെ കണ്ടിൻജന്റ് ജീവനക്കാരെ സംബന്ധിച്ച കരട് വിശേഷാൽ ചട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ എത്ര പേരാണ് കണ്ടിൻജന്റ് ജീവനക്കാരായി ജോലി ചെയ്യുന്നതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ 6608 പേരാണ് കണ്ടിൻജന്റ് ജീവനക്കാരായി ജോലി ചെയ്യുന്നത്. |
| (ബി) | കണ്ടിൻജന്റ് ജീവനക്കാരെ സംബന്ധിച്ച മുൻ കരട് വിശേഷാൽ ചട്ടം റദ്ദാക്കിയത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (ബി) | കണ്ടിൻജന്റ് ജീവനക്കാർക്കായി പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ കരട് വിശേഷാൽ ചട്ടങ്ങളിൽ ചില ന്യൂനതകൾ ഉള്ളതായി കണ്ടെത്തിയതിനെ തുടർന്ന് 14.08.2025-ലെ സ.ഉ.(സാധാ) നം. 2022/2025/തസ്വഭവ ഉത്തരവ് പ്രകാരം കണ്ടിൻജന്റ് ജീവനക്കാരുടെ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CMD) നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (സി) | പുതിയ കരട് ചട്ടം തയ്യാറാക്കുന്നതിനുള്ള ചുമതല ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള ചെലവ് ഏത് ഫണ്ടിൽ നിന്നാണ് അനുവദിക്കാനിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CMD) നെ ചുമതലപ്പെടുത്തിക്കൊണ്ടും ആയതിനുള്ള ചെലവുകൾക്കായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ Capacity Building Fund-ൽ നിന്നും തുക അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും 14.08.2025 ലെ സ.ഉ.(സാധാ) നം. 2022/2025/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | റദ്ദാക്കിയ കരട് ചട്ടം പ്രകാരം കണ്ടിൻജന്റ് ജീവനക്കാരെ എത്ര കാറ്റഗറികളിലായി തരംതിരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; ആയതിൽ കാറ്റഗറി-1 ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (ഡി) | പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച കരട് വിശേഷാൽ ചട്ടങ്ങളിൽ കണ്ടിൻജന്റ് ജീവനക്കാരെ 3 കാറ്റഗറികളിലായി തരംതിരിച്ചിരുന്നു. ആയതിൽ കണ്ടിൻജന്റ് ജീവനക്കാർക്കായുള്ള Category 1 ൽ Full time sweeper, Full time Nursery Teacher, Full time ferry man, Full time contingent worker, Full time Librarian, Full time Scavenger എന്നീ തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കരട് ചട്ടം അംഗീകരിക്കപ്പെട്ടാൽ കണ്ടിൻജന്റ് ജീവനക്കാർക്ക് ലഭിക്കാവുന്ന പ്രധാന ഗുണം എന്താണെന്ന് അറിയിക്കുമോ? | (ഇ) | ഏകീകൃത വകുപ്പ് നിലവിൽ വരുന്നതിന് മുമ്പ് ഓരോ വകുപ്പിലും പ്രത്യേക തരത്തിലാണ് കണ്ടിൻജന്റ് ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ നടത്തിയിരുന്നത്. കരട് ചട്ടം അംഗീകരിക്കുക വഴി ഏകീകൃത വകുപ്പിൽ ഇതിന് പൊതു രീതി കൈവരുകയും അത് വഴി ഓരോ കണ്ടിൻജന്റ് ജീവനക്കാരന്റെയും അർഹമായ സർവ്വീസ് ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് കഴിയുന്നതുമാണ്. |

സെക്ഷൻ ഓഫീസർ